**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5641** **18.11.2019**- ൽ മറുപടിയ്ക്ക്

**<u>മണ്ണാർക്കാട് താലൂക്കിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം</u>**

<u>ചോദ്യം</u>

ശ്രീ.എൻ.ഷംസുദ്ദീൻ

<u>മറുപടി</u>

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പരുത്തിമലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടത്തിൽ എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായി പ്രസ്തുത പ്രദേശത്തേയും സമീപ പ്രദേശങ്ങളിലേയും അൻപതിലേറെ കുട്ടികൾ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ നോട്ടൻമല പ്രദേശത്ത് 13 കുട്ടികൾക്ക് സെറിബ്രൽ പാൾസി, മാനസികവൈകല്യം തുടങ്ങിയവ കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത ആൾക്കാർക്ക് എൻഡോസൾഫാൻ ദുരിതബാധി-തർക്ക് നൽകുന്ന നഷ്ടപരിഹാരം നൽകുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല |
| (ബി) | ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി, എൻഡോ-സൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരം ഈ പ്രദേശങ്ങളിലെ ദുരിതമനുഭവി-ക്കുന്നവർക്ക് കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**